# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3043** — **22.06.2012-ൽ മറുപടിക്ക്**

## കാർഷിക സർവ്വകലാശാലയുടെ കീഴിൽ നാളികേര ഗവേഷണ കേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ജമീലാ പ്രകാശം** | **ശ്രീ.കെ.പി.മോഹനൻ**<br>**(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| എ) കാർഷിക സർവ്വകലാശാല യുടെ കീഴിൽ കട്ടച്ചൽ കുഴിയിൽ പ്രവർത്തിക്കുന്ന നാളികേര ഗവേഷണ കേന്ദ്രത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ; | എ) കട്ടച്ചൽ കുഴിയിൽ പ്രവർത്തിക്കുന്ന നാളികേര ഗവേഷണ കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| ബി) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | താഴെ പറയുന്ന മേഖലകളിൽ സ്റ്റേഷൻ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നു.<br>i. വിത്തുഗ്രാമപദ്ധതിയിലൂടെ സങ്കരയിനം തെങ്ങിൻ തൈകൾ വിപുലമായി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.<br>ii. തെങ്ങു കർഷകർക്ക് തൊഴിലാളികളുടെ കുറവു പ രിഹരിക്കുന്നതിനു സാങ്കേതിക പരിജ്ഞാനം നൽകി |

തൊഴിൽ സേനയെ രൂപികരിക്കാൻ പദ്ധതിയുണ്ട്.തൊഴിൽരഹിത ചെറുപ്പക്കാരെ ഈ കാര്യത്തിൽ പ്രത്യേകം പരിഗണിക്കുന്നതാണ്.

iii. തെങ്ങിന്റെ രോഗകീട ങ്ങൾക്കെതിരെ സമഗ്രസംരക്ഷണം സമയബന്ധി തമാ യി നടപ്പാക്കുന്ന കർമ്മ പരിപാടിയും ഉദ്ദേശിക്കുന്നു.

iv. സങ്കരയിനം തെങ്ങിൻ തൈ ഉൽപ്പാദന പരിശീലന പരിപാടി വിപുലമായ രീതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

v. കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടെ മൂല്യാധിഷ്ഠിത കേരോൽപ്പന്നങ്ങൾ, നടീൽ വസ്തുക്കൾ, കൂൺ വിത്ത്, ജൈവ കീടനാശിനികൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ

## അനുബന്ധം -I

**I ഗവേഷണ പദ്ധതികൾ**

i. തെങ്ങു കൃഷിയിൽ വളപ്രയോഗരീതി, നടീൽ അകലം, രാസജൈവവള അനുപാതം എന്നിവയുടെ ദീർഘകാലപദ്ധതികൾ നടന്നു വരുന്നു.

ii. സംസ്ഥാന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി തെങ്ങധിഷ്ഠിത കൃഷിയിൽ മഴവെള്ള സംഭരണം എങ്ങനെ കാര്യക്ഷമമാക്കാം എന്ന പരീക്ഷണ പദ്ധതിയും നടന്നു വരുന്നു.

iii. തെങ്ങ്, വാഴ, പയർ എന്നിവയിൽ കാലാവസ്ഥാ വ്യതിയാനം മൂലം വിളവിലുണ്ടാകുന്ന ഏറ്റകുറവ് പഠിക്കാനായി ഒരു സംസ്ഥാന പ്ലാൻ ഗവേഷണ പദ്ധതി ഈ വർഷം നടപ്പിലാക്കി വരുന്നു.

**II വികസന പ്രവർത്തനങ്ങൾ**

i. RKVY പദ്ധതികളുടെ ഭാഗമായി കേരളത്തിലെ തെക്കൻ ജില്ലകൾക്ക് ആവശ്യമായ TxD സങ്കരയിനം തെങ്ങിൻ തൈകൾ, നാടനിനങ്ങൾ, കുറിയ ഇനങ്ങൾ, വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ, വിവിധയിനം വാഴക്കന്നുകൾ, പച്ചക്കറിവിത്തുകൾ, മണ്ണിരക്കമ്പോസ്റ്റ് എന്നിവ ഉൽപ്പാദിപ്പിച്ച് കർഷകർക്കു നൽകി വരുന്നു.

ii. തെങ്ങധിഷ്ഠിത സംയോജിത കൃഷി സമ്പ്രദായത്തിന്റെ മാതൃക രൂപികരിച്ച് (പശു, കോഴി,ആട്, തീറ്റപുല്ലുകൃഷി എന്നിവ) കർഷകർക്ക് അനുകരണത്തി നായി നടപ്പിലാക്കി വരുന്നു.